# വീടും പ്രണയവും: സെബാസ്റ്റ്യന്റെ കവിതകളിൽ

**സന്തോഷ് മാനിച്ചേരി**
അസി. പ്രൊഫസർ, ഗവ: ബ്രണ്ണൻ കോളേജ്, തലശ്ശേരി.

സെബാസ്റ്റ്യന്റെ കവിതകളിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്ന രണ്ടു രൂപകങ്ങളാണ് വീടും പ്രണയവും. 'വീട്' എന്ന കവിതയിൽ 'പുറത്തെ ഇരുളിനെ/നാവാൽ നക്കിവലിച്ച് /ഉള്ളിലാക്കി രസിച്ചുകൊണ്ടിരുന്നു/ അധികാരിയാം വീട്' എന്നെഴുതുന്നതായി കാണാം. വീട് എന്ന അധികാരരൂപത്തിനുമുന്നിൽ മറിച്ചൊന്നുരിയാടാനാവാതെ അകത്തെ ഇരുട്ടിൻ ചെളിവെള്ളത്തിൽപ്പോയുറങ്ങുന്നവനെയാണ് ഈ കവിതയിൽ ചിത്രീകരിക്കുന്നത്.'നിലനിൽക്കുന്ന വേരുകൾ' എന്ന കവിതയിൽ വീടിന്റെ വേരുകളെക്കുറിച്ചുള്ള ഒരു ചർച്ചയുണ്ട്:

'വീടിന്റെ വേരുകൾ
എത്ര ആഴം വരെ ആണ്ടുപോകുമെന്നും
എത്ര ദൂരത്തോളം പടർന്നുപോകുമെന്നും
ഓർത്തുനോക്കാറുണ്ട്.

എന്റെ വീടിന്റെ വേരുകൾ
നിന്റെ വീടിന്റെ വേരുകളെ കണ്ടുമുട്ടുമ്പോൾ
...............................
..................ഇവയൊന്നും അറിയാനല്ല

നമ്മുടെ വീടുകളുടെ വേരുകൾ
ആണ്ടാണ്ടു പോയത്
വീടുകൾക്കുള്ളിൽ
നാം വളർത്തുന്ന

പ്രണയവൃക്ഷത്തിന്റെ വേരുകൾ
എത്ര ഉയരത്തിലേക്കാണ്
ആണ്ടുപോകുന്നത് എന്ന്
ആശ്ചര്യപ്പെടാൻ'

വേരുകളുള്ള വലിയ വീടാണ് കവിതയുടെ അബോധത്തിൽ നിറഞ്ഞുകവിയുന്നത്. വീടുകൾക്കുള്ളിൽ വളരുന്ന പ്രണയവൃക്ഷമാണ് വീടിന്റേയും കവിയുടേയും ആശ്ചര്യത്തെ രൂപപ്പെടുത്തുന്നത്. വീടിനെ തന്നെ ഭേദിച്ച് വളരുന്ന അതിന്റെ ഉയരം കവിതയെ അത്ഭുതപ്പെടുത്തുന്നുണ്ട്. വളരുന്ന ഈ പ്രണയവൃക്ഷം ഒരു കൂടായിത്തീരുമെന്ന് കവിത സ്വപ്നം കാണുന്നുണ്ട്. 'പൊരുൾ' എന്ന കവിതയിൽ

'നെയ്യുകയാണ് അതിവേഗത്തിൽ
എനിക്കു ചുറ്റിനും നിന്നെ.

കൂടുതീർത്ത് അതിനുള്ളിലാകുവാൻ
രാവോ പകലോ അറിയാതെ
നിനക്കുനിന്നെ ഊട്ടുംപാവുമാക്കി.

വരുംകാലങ്ങൾ
ഈ കൂട്ടിനുള്ളിൽ എനിക്കുവാസം'

'സൂര്യനുദിക്കുകയും രാത്രി നിറയുകയും ഋതുഭേദങ്ങൾ ലോകമിതെന്നു തെളിയിക്കുകയും' ചെയ്യുന്ന വീടെന്ന അത്ഭുത ലോകത്തിലാണ് കവിത.

'കാലം എന്നെ കൂടോടെയെടുത്ത്
ദേശാന്തരങ്ങളിലേക്ക്
പറന്നുപോകും.'

യാത്രകൾപോലും കൂടിനൊപ്പമാണ് ഇവിടെ. 'ഇരുട്ടുപിഴിഞ്ഞ്' എന്ന കവിതയിൽ വീടിനുപിന്നിലെ ടാങ്കിലേക്ക് രാത്രിയിലെ ഇരുട്ടിനെ മുഴുവൻ പിഴിഞ്ഞൊഴിക്കുന്നയാളെ കാണാം. ഏറെ പണിപ്പെട്ടു ആകാശവും ഭൂമിയും വെളുത്തുവന്നുവെങ്കിലും വീടിനുപിന്നിലെ ടാങ്കിൽ മൂടിവെച്ച ഇരുട്ട് വൈകുന്നേരമാകുമ്പോഴേക്കും വീണ്ടും എത്തുന്നതിനെക്കുറിച്ചും വീണ്ടും അന്ധതയിൽ പതിക്കുന്നതിനെക്കുറിച്ചും കവിത വ്യാകുലപ്പെടുന്നു. സെബാസ്റ്റ്യന്റെ കവിതയുടെ ലോകബോധത്തെ നിർണ്ണയിക്കുന്ന സുപ്രധാനമായ രൂപകമാണ് വീടെന്ന് മിക്ക കവിതകളും വിളിച്ചുപറയുന്നുണ്ട്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അകംപുറം എന്ന മട്ടിലുള്ള കാഴ്ചകളാണ് ഈ കവിതകളെ രൂപീകരിക്കുന്നത്. ഈ കവിതകളിലെ അകംലോകം പുറംലോകത്തോളംതന്നെ വിപുലവും

അനേകസാധ്യതകളുള്ളതുമാണ്. ഉള്ളടക്കം എന്ന കവിതയിൽ ഈ ഉള്ളിന്റെ വലിപ്പം എഴുതപ്പെട്ടിട്ടുണ്ട്.

'എല്ലാ അറകളേയും അടയ്ക്കാവുന്ന
ഒരു വലിയ അറയാകാം
ഒരാളുടെ ഉള്ള്
അയാളും
അത്രത്തോളം വലുതായി
അതിനുള്ളിൽ.'

കളഞ്ഞുപോയ താക്കോൽ തേടി മൂന്നുലോകവും തെരയുന്നവരെ 'താക്കോൽ' എന്ന കവിതയിൽ കാണാം. പാതാളത്തിലും ഭൂമിയിലും സ്വർഗ്ഗത്തിലും താക്കോൽ നീട്ടിയ പ്രലോഭനങ്ങളിൽ നിന്നു തിരിച്ചുപോന്നവർക്ക് അത് കിട്ടുന്നത് 'ഉള്ളിൽ' നിന്നാണ്:

'ഏറ്റവും നിശ്ശബ്ദമായ ഒരിടത്തിരുന്ന്
നമ്മൾ ഉള്ളുകളിൽ
പരസ്പരം പരതി.
ഒരുനിമിഷം
നമ്മുടെ വിരലുകളിൽ'

ഇങ്ങനെ അകം ലോകത്തിന്റെ അത്ഭുതങ്ങൾ അനവധിയാണ് സെബാസ്റ്റ്യന്റെ കവിതകളിൽ. ഈ അകംലോകത്തിന്റെ അത്ഭുതങ്ങളിലാണ് സെബാസ്റ്റ്യന്റെ കവിതകളിലെ പ്രണയവും സംഭവിക്കുന്നത്. 'പ്രണയത്തിന്റെ ഉപ്പുപാടം' എന്ന രൂപകത്തിലൂടെ ഈ അകംലോകത്തെ കവി അടയാളപ്പെടുത്തുന്നുണ്ട്.

'ഉറക്കത്തിന്റെ തോണിയിൽ
നീ യാത്രപോകുന്നു
മേഘം മൂടിയ
തീരത്തിൽ കണ്ണുനട്ടു
.........................
.........................
പരന്നതും വിശാലവുമായ
ഉപ്പുപാടങ്ങളിൽ നിന്നും
സ്വപ്നത്തിന്റെ കാറ്റുയരുന്നു.
അതിൽ

എന്റെ ബോധത്തിന്റെ
തുവൽ പറക്കുന്നു

തെന്നിയും ആടിയും
ഉയർന്നു നിശ്ചലമായും.'

അകംലോകത്തിന്റെ അത്ഭുതങ്ങളിൽ നിന്നാണ് ഈ കവിതകൾ പ്രണയതീവ്രത അനുഭവിപ്പിക്കുന്നത് ഈ പ്രണയതീവ്രതയുടെ പരമാവധിയുള്ള ബിംബം ഹൃദയമാണ്. അതുകൊണ്ടുതന്നെ ശരീരത്തെ കവിയുന്ന ഒരു ഹൃദയത്തിന്റെ സാന്നിധ്യം കവിതകളിൽ തീവ്രതാല്പര്യമായി മാറുന്നത് കാണാം.

മഴയുടെ കുമ്പിളിലാണ്
ഹൃദയരക്തം സൂക്ഷിച്ചത്
പ്രണയത്താൽ
കിനിഞ്ഞു കിനിഞ്ഞു വന്നത്
— *വ്യർത്ഥം*

വ്യഥയിൽ ഉരുകി
ദ്രാവകമായി ഹൃദയത്തെ
കൈക്കുമ്പിളിൽ
എടുത്തു

— *ഹൃദയമില്ലാതായത്*
കടലാസുതുണ്ടുകളിൽ
ഹൃദയം പകർന്നുവച്ചു.
സാധാരണം
അസാധാരണമായത്
പകർന്നുവയ്ക്കുന്നതിന്
അപ്പുറത്തുള്ളതാണ്.
ചോരപൊടിയുന്നത്
രക്തം കൊണ്ട് മാത്രം നിർമ്മിക്കപ്പെട്ടത്
രക്തത്തിൽ ജീവിക്കുന്നത്.

— *അസാധാരണം*

ഇത്തരത്തിൽ ഹൃദയമെന്ന ബിംബത്തിലുള്ള അഭിരമിക്കൽ എത്ര വേണമെങ്കിലും ഉദാഹരിക്കാം.അഭയം എന്ന കവിതയിൽ ഹൃദയം അകംലോകത്തിന്റെ ആകെ പ്രതിനിധാനമായി മാറുന്നുണ്ട്. അകംലോകമെന്ന വലിയ ഭൂമിയെതന്നെ അടയാളപ്പെടുത്തുന്ന കവിതയാണത്.

'മഞ്ഞുകാലത്തെ ഭയക്കുന്ന
ഒരു ഹൃദയമുണ്ടായിരുന്നു

ശിശിര ഋതുവിലെ
ആദ്യപുലരിയിൽ
അത് ഒളിക്കാനുള്ള
ഇടങ്ങൾ തേടും
മഞ്ഞുവീണതാകയാൽ

മലകളിലോ മരങ്ങളിലോ
ഇലകളിലോ പൂക്കളിലോ
പുൽത്തുമ്പിലോ
അതിനിടം കിട്ടുകയില്ല
തണുത്തുറഞ്ഞതിനാൽ
പുഴകളിലും തടാകത്തിലും.
രാത്രിയിൽ
ഒളിക്കാൻ ഇടംതേടി
തണുത്തുവിറച്ച്
ഭയത്തോടെ അതുമിടിക്കുന്നത്
മഞ്ഞുപക്ഷികൾ കേൾക്കില്ല.

എങ്കിലും പുലരിയിൽ
ചുവന്നുതുടുത്ത്
ഉയർന്നുവരുന്ന
ഒരു ഹൃദയത്തെ
താഴ്വാരങ്ങളിലെ
മരങ്ങൾ നോക്കിനിൽക്കും.'

ഇവിടെ ഭൂമിയുടെ മിടിക്കുന്ന ഹൃദയത്തിന്റെ ഉദയം കാണാം. ഇരുട്ടും ഉരിയരി വേവുന്ന മൺകലവുമുള്ള ഓലക്കുടിൽ ഭൂമിയോളം വലുതാകുന്ന ചിത്രം തന്നെയാണ് ഈ കവിതകളിലെ അകംലോകം നമ്മെ അനുഭവിപ്പിക്കുന്നത്. കവിതയിലെ ബിംബാത്മകമായ ഭാഷ ഈ അകംലോകത്തിന്റെ സാന്നിധ്യത്തെത്തന്നെയാണ് ശക്തിപ്പെടുത്തുന്നത്. അകം/പുറം എന്ന മട്ടിലുള്ള വർഗീകരണരീതിയും അകംലോകത്തിൽ അഭിരമിക്കാനുള്ള തീവ്രമായ അഭിനിവേശവും ആധുനികരുടെ വിചാരലോകത്തിന്റെ വലിയ സവിശേഷതയായിരുന്നു. പരിണാമകാലത്തിന്റെ സന്ദിഗ്ധതകളെയല്ല സെബാസ്റ്റ്യന്റെ കവിതകൾ രേഖപ്പെടുത്തുന്നത്. സച്ചിദാനന്ദനും അയ്യപ്പനുമെല്ലാം എൺപതുകളിലും തൊണ്ണൂറുകളിലും സൃഷ്ടിച്ച കാവ്യഭാഷയുടേയും കാവ്യസങ്കല്പങ്ങളുടേയും അർത്ഥവത്തായ

തുടരെഴുത്താണ് ഈ കവിതകളുടെ അന്തർധാര. ഈ കവിതകളുടെ മാറ്റ് ഇതൊട്ടും കുറയ്ക്കുന്നില്ല.

സഹായക ഗ്രന്ഥങ്ങൾ

1. സെബാസ്റ്റ്യൻ, 2011. സെബാസ്റ്റ്യന്റെ തെരഞ്ഞെടുത്ത കവിതകൾ-കോട്ടയം, ഡി.സി. ബുക്സ്.
2. Gioia, Dana, 2004. Disappearing Ink, Poetry at the end of print culture, Minnesota, Grey Wolf Press.
3. Noland, Carrie, 1999. Poetry at the stake, Lyric aesthetics and the challenge of technology, New Jersy, Princeton University Press.